പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 657 **13-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ ബാങ്കുകൾ കാർഷിക മേഖലക്ക് നൽകുന്ന വായ്പ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കാർഷിക മേഖലക്ക് കൈതാങ്ങാവാൻ സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി:

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/ ബാങ്കിങ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന കാർഷിക / കാർഷികാനുബന്ധ വായ്പകൾ ചുവടെ ചേർക്കുന്നു.

ഹ്രസ്വകാല മധ്യകാല കാർഷിക വായ്പകൾ

കാർഷിക അനുബന്ധ വായ്പകൾ

സ്വർണ്ണപണയത്തിന്മേൽ മിതമായ പലിശനിരക്കിൽ കാർഷിക/കാർഷികാനുബന്ധ വായ്പകൾ

വ്യക്തിഗത കാർഷിക വായ്പ

കേരള സംസ്ഥാന സഹകരണ ബാങ്ക് , കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് എന്നിവ മുഖേന അടിസ്ഥാനസൗകര്യ വികസനത്തിനും മറ്റ് കാർഷിക, സംസ്കരണ, വിളവെടുപ്പാനന്തര ആവശ്യങ്ങൾക്കും ആയി വിവിധങ്ങളായ വായ്പാപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ പ്രാഥമിക മേഖലയിലെ വിവിധ ഏജൻസികളുമായി ഏകോപനം ഉറപ്പാക്കി "കേരളത്തിലെ കാർഷിക വിപണന മേഖലയിലെ മുൻനിര സ്ഥാപനമായ മാർക്കറ്റ് ഫെഡ്, അഫിലിയേറ്റഡ് സഹകരണ സ്ഥാപനങ്ങൾ, എഫ്.പി.ഒ ശൃംഖല എന്നിവയുടെ ശക്തിപ്പെടുത്തൽ" പദ്ധതിയിൽ 2026-27 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 1250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വായ്പ പദ്ധതികൾക്ക് എത്ര ശതമാനം പലിശയാണ് നിലവിൽ സഹകരണ ബാങ്കുകൾ ഈടാക്കി വരുന്നതെന്ന് അറിയിക്കാമോ;

മറുപടി:

നബാർഡിന്റെ പുനർവായ്പ പദ്ധതിയിൽ ഉൾപ്പെടുന്ന ഹ്രസ്വകാല കാർഷിക വായ്പക്ക് 7% വും കാർഷികാനുബന്ധ വായ്പക്ക് 9% വും സ്വർണ്ണ പണയത്തിന്മേൽ നൽകുന്ന കാർഷിക/ കാർഷികാനുബന്ധ വായ്പ (നബാർഡിന്റെ പുനർവായ്പ പദ്ധതിയിൽ ഉൾപ്പെടാത്തത്) സ്വന്തം ഫണ്ടിൽ നിന്നും നൽകുന്നതിന് 9.25% വും ആണ് നിലവിലത്തെ പരമാവധി അംഗീകൃത പലിശനിരക്ക്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരും സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും എടുക്കുന്ന 50000 രൂപ വരെയുള്ള എല്ലാ തരം കാർഷികാനുബന്ധ

വായ്പകൾക്കും മേൽ പലിശനിരക്കിൽ നിന്നും 1% കുറവ് അനുവദിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെയും, കാർഷിക ഗ്രാമവികസന ബാങ്കിന്റെയും വിവിധ വായ്പാ പദ്ധതികളുടെ പലിശ നിരക്ക് 6 മുതൽ 11.5% വരെ ആണ്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ / കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന 3% പലിശ സബ്സിഡി (യഥാസമയം തിരികെ അടക്കുന്ന വായ്പകൾക്ക് അനുവദനീയമായ 1% പലിശ സബ്സിഡി ഉൾപ്പടെ) കഴിച്ച് പരമാവധി 5% പലിശ (വായ്പയുടെ പലിശക്ക് അനുസരണമായി) ടി വായ്പകൾക്ക് പലിശ അനുവദിക്കുന്നതിനുള്ള "ഉത്തേജന പലിശ ഇളവ് പദ്ധതി " നിലവിലുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്സിഡി മാത്രമേ അനുവദിക്കുകയുള്ളൂ.

(സി) ഈ വായ്പ പദ്ധതികളിലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം പത്ത് വർഷത്തിലധികമായി കുടിശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി തുക സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം നൽകേണ്ട സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം പത്ത് വർഷത്തിലധികമായി കുടിശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ 2014 വർഷം വരെയുള്ള പലിശ സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം ഇതിനായി ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ